പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *32 03.03.2020-ൽ മറുപടിക്ക്

# സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട ആദായ നികുതി നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സജി ചെറിയാൻ<br>,, ജോൺ ഫെർണാണ്ടസ്<br>,, കെ.വി.വിജയദാസ്<br>,, കെ. ആൻസലൻ | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സഹകരണ സംഘങ്ങൾക്ക് സമ്പദ് വ്യവസ്ഥയിലുള്ള പ്രാധാന്യത്തെക്കുറിച്ച് പ്രസ്താവിച്ചുകൊണ്ട് സഹകരണ സംഘങ്ങളെ വരുമാന നികുതി കാര്യത്തിൽ കോർപ്പറേറ്റുകളുമായി തുല്യത സ്ഥാപിക്കുന്നതിനെന്ന പേരിൽ കൊണ്ടു വന്ന കേന്ദ്ര സർക്കാരിന്റെ പുതിയ ആദായനികുതി നിർദ്ദേശങ്ങൾ സഹകരണ മേഖലക്ക് എത്ര മാത്രം പ്രയോജനപ്രദമാണെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ സഹകരണ മേഖലയ്ക്ക് വളരെയേറെ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നു എന്ന നിലയിൽ നിലവിൽ 30% ആദായനികുതി, സർചാർജ്ജ്, സെസ്സ് എന്നിവ നൽകിവരുന്ന സഹകരണ സംഘങ്ങളെ കോർപ്പറേറ്റ് കമ്പനികളുമായി തുല്യതപ്പെടുത്തുന്ന ടാക്സ് നിരക്കായ 22% ടാക്സ്, 10% സർചാർജ്ജ്, 4% സെസ്സ് എന്ന നിലയിലേക്ക് കുറച്ച് കൊണ്ടുവരുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. 22% ടാക്സ് നിരക്ക് സ്വീകരിക്കുന്ന (option സ്വീകരിക്കുന്ന) സംഘങ്ങൾക്ക് മറ്റ് കിഴിവുകളോ ഇളവുകളോ ടി പ്രഖ്യാപനത്തിൽ ഇല്ല. ഇക്കാരണത്താൽ തന്നെ പുതിയ നികുതി നിരക്ക് നിർദ്ദേശം സഹകരണ സംഘങ്ങളെ സംബന്ധിച്ച് അനാകർഷകവും ആശങ്കാജനകവുമാണെന്ന് കണക്കുകൂട്ടുന്നു. |
| (ബി) | ആദായ നികുതി നിയമത്തിലെ വകുപ്പ് 80 (പി) (2) പ്രകാരമുള്ള നികുതിയിളവ് പിൻവലിച്ചത് പുനഃസ്ഥാപിക്കണമെന്നും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ തകർക്കാൻ പോന്ന, സാമ്പത്തിക വർഷം ഒരു കോടിയിലധികം രൂപ പണമായി ബാങ്കിൽ നിന്നും പിൻവലിക്കുന്നതിന് പ്രസ്തുത നിയമത്തിൽ പുതുതായി കൂട്ടിചേർത്ത 194 (എൻ) വകുപ്പ് | (ബി) | റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരാത്ത എല്ലാ സഹകരണ സംഘങ്ങൾക്കും 1961-ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 80(പി)(2) പ്രകാരം ആദായനികുതി ഇളവ് അനുവദനീയമായിരുന്നു. എന്നാൽ 2006 ലെ ഫിനാൻസ് ആക്ടിലൂടെ ആദായ നികുതി നിയമത്തിലെ 80 പി ഭേദഗതി ചെയ്ത് 01.04.2007 മുതൽ ഉപവകുപ്പ് 4 കൂടി ചേർത്ത് പ്രാബല്യത്തിൽ വരുത്തിയ പ്രകാരം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ ഒഴികെയുള്ള |

| | | | |
|---|---|---|---|
| | പ്രകാരം സ്രോതസ്സിൽ രണ്ട് ശതമാനം നികുതിയീടാക്കണമെന്ന വ്യവസ്ഥ പിൻവലിക്കണമെന്നുമുള്ള സംസ്ഥാനത്തിന്റെ ആവശ്യത്തോട് കേന്ദ്ര സർക്കാരിന്റെ നിലപാടെന്താണെന്ന് അറിയിക്കാമോ; | | സഹകരണ സംഘങ്ങൾക്ക് 80 പി അനുസരിച്ചുള്ള ആദായ നികുതി ഇളവ് നൽകേണ്ടതില്ലായെന്ന് ഇൻകംടാക്സ് വകുപ്പിന്റെ 20.09.2010 ലെ 6/2010 (F No.173(3)/44/2009-IT (A-I) സർക്കുലർ പ്രകാരം ആദായനികുതി വകുപ്പ് നിർദ്ദേശം നൽകുകയും 2007-ലെ മേൽ കേന്ദ്ര നിയമം അനുസരിച്ച് സഹകരണ സംഘങ്ങൾ ആദായ നികുതി കൊടുക്കണം എന്നതിന്റെ ചുവട് പിടിച്ച് മുൻ കാലങ്ങളിലേത് ഉൾപ്പെടെ നിരവധി വർഷത്തെ സംഘങ്ങളുടെ ആദായത്തിനുമേൽ ആദായ നികുതി വകുപ്പ് നികുതി ഈടാക്കുന്നുണ്ട്. കേരളത്തിലെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ ബാങ്കുകൾക്ക് സമാനമാണ് എന്ന് ചൂണ്ടിക്കാട്ടി അവരുടെ അതത് വർഷത്തെ ആദായത്തിൽ നികുതി കണക്കാക്കി നൽകുന്നുണ്ട്. ഈ പ്രശ്നം സുപ്രീംകോടതിയുടെ പരിഗണനയിലാണ്. കൂടാതെ കേന്ദ്ര ആദായ നികുതി നിയമത്തിൽ പുതുതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയിലധികം രൂപ ബാങ്കുകളിൽ നിന്നും കറൻസിയായി പിൻവലിക്കുന്നവരിൽ നിന്നും 2% ആദായ നികുതി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ ബാങ്കുകൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നത് എന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്ന് ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് ആദായനികുതി വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. സഹകരണമേഖലയുടെ നിലനിൽപ്പിനെ ബാധിക്കുന്നതാകയാൽ ആദായനികുതി നിയമത്തിലെ ബന്ധപ്പെട്ട സെക്ഷനുകളിൽ മതിയായ ഭേദഗതി വരുത്തി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് ആദായനികുതി ഇളവ് ലഭ്യമാക്കുന്നതിന് 02.07.2018 ലും 17.08.2019 ലും 11.10.2019-ലും ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യവകുപ്പ് മന്ത്രി, കേന്ദ്ര കൃഷിവകുപ്പ് മന്ത്രി എന്നിവർക്ക് സഹകരണ വകുപ്പ് മന്ത്രി നിവേദനം |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ നിയമസഭ ഏകകണ്ഠമായ പ്രമേയം പാസ്സാക്കി കേന്ദ്രത്തിന് അയച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അനുകൂല നടപടി ഉണ്ടായിട്ടില്ല. |
| (സി) | വൻകിട കോർപ്പറേറ്റുകൾക്ക് കോടിക്കണക്കിന് രൂപയുടെ ഇളവു നൽകാൻ താല്പര്യം കാണിക്കുന്ന കേന്ദ്ര സർക്കാർ ആദായ നികുതി വകുപ്പിനെ ഉപയോഗിച്ച് സഹകരണ പ്രസ്ഥാനത്തെ തകർക്കാനുള്ള നീക്കത്തിൽ നിന്നു പിൻമാറാൻ വേണ്ട സമ്മർദ്ദം ചെലുത്താൻ നടപടിയുണ്ടാകുമോ; കർണാടകയിലെ സഹകരണ സംഘങ്ങൾക്ക് ഇളവു നൽകിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | കർണ്ണാടകയിലെ കാർഷിക സഹകരണ സംഘങ്ങൾക്ക് ആദായനികുതി ഇളവ് നൽകിയതായ വാർത്ത മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. കേന്ദ്ര ആദായനികുതി നിയമത്തിൽ സംസ്ഥാനത്തെ മുഴുവൻ പ്രാഥമിക സഹകരണ സംഘങ്ങൾക്കും (കാർഷിക/ കാർഷികേതര വ്യത്യാസം കൂടാതെ) ആദായനികുതി ഇളവ് ലഭ്യമാക്കാൻ കഴിയുന്നവിധം കേന്ദ്ര ആദായനികുതി നിയമത്തിൽ ആവശ്യമായ മാറ്റം വരുത്തിക്കുന്നതിനായി പരിശ്രമം നടത്തുന്നുണ്ട്. സംസ്ഥാന നിയമസഭ ഏകകണ്ഠമായ പ്രമേയത്തിലൂടെ ഈ ആവശ്യം കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിലെ നികുതിഘടന സഹകരണ സംഘങ്ങളെ എപ്രകാരം ബാധിക്കും എന്നത് സംബന്ധിച്ച് പരിശോധിച്ച് കേരളത്തിലെ സഹകരണ സംഘങ്ങളുടെ ഉത്തമതാൽപര്യം സംരക്ഷിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനുള്ള നടപടികൾ തുടരുന്നതാണ്. |

സെക്ഷൻ ഓഫീസർ